# കേരള സർവകലാശാല

നം. പി.ആർ.139/2017 ഫോൺ : 2305738


## പത്രക്കുറിപ്പ്

### ഒന്നാം വർഷ ക്ലാസുകൾ ആരംഭിക്കും

കേരള സർവകലാശാലയുടെ 2017–18 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ ബിരുദ ക്ലാസുകൾ (സി.ബി.സി.എസ്.എസ്) ജൂലൈ മൂന്നിന് ആരംഭിക്കും. ഒന്നും, രണ്ടും സെമസ്റ്ററുകളുടെ (2017 അഡ്മിഷൻ) വിശദമായ അക്കാദമിക് കലണ്ടർ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം സംഘടിപ്പിച്ച സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന്റെ ഫെബ്രുവരിയിൽ പി.എം.ജി സി.എ.സി.ഇ.ഇ, കൊല്ലം ടി.കെ.എം കോളേജ്, ശ്രീകാര്യം ലയോള കോളേജ്, കാഞ്ഞിരംകുളം കെ.എൻ.എം ഗവ. കോളേജ് എന്നിവിടങ്ങളിലായി നടത്തിയ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. കാഞ്ഞി രംകുളം കെ.എൻ.എം ഗവ. കോളേജിൽ നിന്നുള്ള കാർത്തിക.ബി.റ്റി (രജി. നം. 10967) ഒന്നാം റാങ്ക് നേടി.

### അപേക്ഷാ തീയതി നീട്ടി

കേരള സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ കേന്ദ്രം വഴിയുള്ള ബിരുദ/ബിരുദാനന്തര കോഴ്സുകൾക്ക് ഫൈനില്ലാതെ അപേക്ഷിക്കാനുള്ള അവസാന തീയതി ജൂലൈ 31 വരെ നീട്ടി.

### പ്രൊജക്റ്റ് റിപ്പോർട്ട് സമർപ്പിക്കാം

കേരള സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന അവ സാന വർഷ ബി.എസ്സി കമ്പ്യൂട്ടർ സയൻസ് / ബി.സി.എ (റഗുലർ ആന്റ് സപ്ലിമെന്ററി) ജൂൺ 2017 കോഴ്സിന്റെ പ്രൊജക്റ്റ് റിപ്പോർട്ട് ജൂൺ 30 വരെ സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷനിൽ സമർപ്പിക്കാവുന്നതാണ്.

തിരുവനന്തപുരം.
23.06.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ